## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 224

09.06.2014 -ലെ മറുപടിക്ക്

### മക്കളെ ശിശുവിൽപന റാക്കറ്റിന് വിറ്റ സംഭവം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ടിൽ മാതാപിതാക്കൾ രണ്ട് മക്കളെ ശിശുവിൽപ്പന റാക്കറ്റിന് വിറ്റ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012 ഡിസംബർ മാസത്തിലെ ഏതോ ദിവസം 2 പിഞ്ചു കുട്ടികളെ പിതാവായ സുലൈമാൻ, ബഷീർ, റഷീദ് എന്നീ പ്രതികളുടെ സഹായത്തോടെ മംഗലാപുരത്തുള്ള അഡ്വ. ആശാലത എന്ന സ്ത്രീക്ക് വിൽപ്പന നടത്തിയത് സംബന്ധിച്ച് ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഏഴു പേരെ പ്രതികളായി ചേർത്തിട്ടുള്ളതും 4 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാകുന്നു. |
| (ബി) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 598/14 u/s 370(5), 372, 373, 317 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിലെ 4 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 3 പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഇവരെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഈ ശിശു വിൽപ്പന റാക്കറ്റിന് സമാനമായ മറ്റേതെങ്കിലും കേസ്സുമായി ബന്ധമുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) ടി കേസിലെ അഞ്ചാം പ്രതിയായ അഡ്വ. ആശാലത, മംഗലാപുരം എന്നയാൾ കാസർഗോഡ് ക്രൈം നമ്പർ 541/2013 u/s 370(5), 372, 373, 317 r/w 34. IPC കേസിലെ പ്രതിയാക്കപ്പെട്ടിട്ടുള്ളയാളാണെന്ന് വെളിവായിട്ടുണ്ട്. |
| (ഡി) റാക്കറ്റിന് കുട്ടികളെ വിൽക്കാനുണ്ടായ സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) ഒന്നാം പ്രതിയും കുട്ടികളുടെ പിതാവുമായ സുലൈമാൻ, കുട്ടികളെ വളർത്താൻ സാമ്പത്തിക ശേഷി ഇല്ലായെന്നും ഏഴാം പ്രതിയായ കുട്ടികളുടെ അമ്മൂമ്മയ്ക്ക് ഓപ്പറേഷൻ ആവശ്യത്തിന് പണത്തിന് വേണ്ടിയാണ് കുട്ടികളെ വിൽപ്പന നടത്തിയതെന്നും ഒന്നാം പ്രതിയെ ചോദ്യം ചെയ്തതിൽ വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ